# അക്ഷരതുമ്പികൾ

## K.V.A.L.P SCHOOL, CHERUKKAD



# ആമുഖം

2023 -  24 അധ്യയന വർഷത്തിൽ വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ ഒരു പുതിയ സംരംഭമാണ് സചിത്ര സംയുക്ത ഡയറി. കുട്ടികളിലെ അക്ഷരജ്ഞാനവും ഭാഷവികാസവും വികസിപ്പിച്ചെടുക്കാൻ പറ്റും എന്നതിന്റെ തെളിവുകളാണ് ഈ ഡയറി താളുകളിൽ. തുടക്കത്തിൽ രക്ഷിതാക്കളിൽ നിന്ന് വ്യത്യസ്ത അഭിപ്രായങ്ങൾ വന്നെങ്കിലും കുട്ടികളിൽ വന്ന മാറ്റം കണ്ട് അവരും ഏറ്റെടുത്തു. ഒന്ന് രണ്ട് ക്ലാസിലെ കുട്ടികളുടെ ചില ഭാവനാത്മകമായ ഡയറികുറിപ്പുകൾ ചേർത്ത് തയ്യാറാക്കിയ ' അക്ഷരത്തുമ്പികൾ' എന്ന ഡയറി താളുകൾ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.



സജിത കെ

ഹെഡ്മിസ്ട്രസ്

2023 -24 അധ്യയന വർഷത്തിൽ ഒന്ന് രണ്ട് ക്ലാസ്സുകളിൽ കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കാൻ ഏർപ്പെടുത്തിയ ഒരു നൂതന പദ്ധതിയാണ് സംയുക്ത ഡയറിയും സചിത്രപുസ്തകവും.തുടക്കത്തിൽ രക്ഷിതാവും കുട്ടിയും ചേർന്നും, പിന്നീട് കുട്ടിയെ സ്വതന്ത്ര രചനയിലേക്ക് നയിക്കുന്നതിനും സംയുക്ത ഡയറി പ്രയോജന പെടുന്നു. ചെറുക്കാട് കെ. വി എ എൽ പി സ്കൂളിലെ ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികളുടെ സംയുക്ത ഡയറിയിൽ നിന്നും തെരെഞ്ഞെടുത്ത രചനകളാണ് 'അക്ഷരതുമ്പികൾ ' എന്ന ഈ പുസ്തകം. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എല്ലാവർക്കും അഭിനന്ദനങ്ങൾ.

## ആശംസകളോടെ



**ബിന്ദു കെ**

SRG കൺവീനർ

I, II ക്ലാസ്സിലെ കുട്ടികളുടെ കുഞ്ഞെഴുത്തിലൂടെ അവരുടെ അനുഭവങ്ങളുടെ നേർകാഴ്ച്ച സൃഷ്ടിക്കുന്നു. വളരെ നല്ല പരിപാടിയാണിത്. സ്വതന്ത്രരചനക്ക് അവസരമൊരുക്കുന്നു. കുട്ടികളിൽ ലേഖന താത്പര്യം ഉണ്ടാവാനും അത് പ്രകടിപ്പിക്കാനും ഇതിലൂടെ കഴിയുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പ്രത്യേക ആശംസകൾ നേരുന്നു.

# ആശംസകളോടെ



ഷീജ കെ. സി

(പി ടി എ പ്രസിഡന്റ് )

2023-24 വർഷത്തെ 1,2 ക്ലാസ്സുകളിലെ കൊച്ചു കുരുന്നുകളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും പഠനാനുഭവങ്ങളെ കോർത്തിണക്കി സംയുക്ത ഡയറിയായി ഏവരുടെയും മുന്നിലേക്കെത്തുകയാണ്.. ആരുടേയും അടിച്ചേൽപ്പിക്കപ്പെടലുകളില്ലാതെ സ്വന്തം ഭാവനകളിലൂടെയും, അനുഭവങ്ങളിലൂടെയും ആസ്വദിച്ചു മടുപ്പില്ലാതെ മനസിലാക്കി ജീവിതാവസാനം വരെ ഓരോ കുട്ടിയ്ക്കും പ്രയോജനപെടും വിധത്തിലാണ് പഠനനേട്ടങ്ങളായി ഇത് നമ്മളിക്കെത്തുന്നത്.. ഓരോ കുട്ടിയുടെയും അനുഭവങ്ങളുടെ വേരുകൾ ആഴത്തിലിറങ്ങി ദൃഢമായി പ്രത്യാശയുടെയും പ്രതീക്ഷയുടെയും മധുരമായ ഫലം നൽകുന്ന സംയുക്ത ഡയറിക്ക് പി ടി എ യുടെ എല്ലാ വിധ ആശംസകളും നേരുന്നു.



**അഞ്ജു എ ആന്റോ**

ഒന്നാം ക്ലാസ്സ് അധ്യാപിക

'അക്ഷരതുമ്പികൾ 'എന്ന കെ വി എ എൽ പി സ്കൂളിന്റെ സംയുക്ത ഡയറി, കുട്ടികളുടെ സർഗാത്മകതയും, രചനാമികവും വളർത്തുവാൻ ഉതകുന്നതാണ്. കൊച്ചുകുരുന്നുകളുടെ രചനാവാസനയും അവരുടെ ദൈനംദിന ജീവിതത്തിലെ ഒരേടും പ്രകടമാക്കുവാൻ നൽകിയ ഒരു മികച്ച അവസരമാണ് ഈ ഡയറി. ആദ്യഘട്ടങ്ങളിൽ, എത്രത്തോളം വിജയകരമാകുമെന്ന് ഒരു പ്രതീക്ഷയുമില്ലായിരുന്നു. രക്ഷിതാക്കളുടെ പിന്തുണയോടുകൂടി കുഞ്ഞുകുരുന്നുകൾ തുടങ്ങിയ രചന വളരെ ഫലപ്രദമായി. അത് അവരിൽ ദിവസേന നടക്കുന്ന കാര്യങ്ങൾ എഴുതുവാനും, ടീച്ചറെ കാണിക്കുവാനുമുള്ള താത്പര്യം ഉളവാക്കി. 'അക്ഷരതുമ്പികൾ ' എന്ന ഈ കൊച്ചുഡയറിയുടെ ഉന്നമനത്തിനായി രക്ഷിതാക്കളും കുഞ്ഞുങ്ങളും ഒത്തൊരുമിച്ചു പ്രയത്നിച്ചിട്ടുണ്ട്. ഇത് നിങ്ങളുടെ മുന്നിൽ സമർപ്പിക്കുമ്പോൾ അതിലെ ഓരോ ഏടും വായിച്ച് നമ്മുടെ കൊച്ചുകുരുന്നുകളെ അനുഗ്രഹിക്കുക.



**ശബരിനാഥ്. ടി**

**രണ്ടാം ക്ലാസ്സ് അധ്യാപകൻ**

2023-24 അധ്യയന വർഷം ഒന്നാം ക്ലാസിലും രണ്ടാം ക്ലാസിലും ആരംഭിച്ച നൂതന പദ്ധതിയാണ് സംയുക്ത ഡയറി.അമ്മയും കുഞ്ഞും ഒരുമിച്ച് എഴുതുന്ന ഡയറി .... ചിത്രങ്ങളും എഴുത്തും ഒരുമിച്ച് വരുന്ന ഡയറി ..... സംയുക്ത ഡയറി എന്ന പുത്തൻ ആശയം ക്ലാസ് റൂമിൽ പ്രാവർത്തികമാക്കി . ആദ്യഘട്ടത്തിൽ രക്ഷിതാക്കളും കുട്ടികളും ചേർന്ന് അതാത് ദിവസത്തെ വിശേഷങ്ങൾ ഉൾക്കൊള്ളിച്ച് എഴുതി തുടങ്ങി . തുടർന്ന് അത് സ്വതന്ത്രരചനയിലേക്ക് മാറിയത് . രണ്ടാം ക്ലാസ് ചരിത്രത്തിൽ ഒരു പുത്തൻ അദ്ധ്യായം ആയിരുന്നു.രക്ഷിതാക്കളുടെ മനം നിറഞ്ഞ പ്രതികരണത്തോടൊപ്പം മലയാളഭാഷയുടെ എഴുത്തിലും വായനയിലും കുട്ടികൾ ഒരുപാട് മുന്നേറിക്കൊണ്ടിരിക്കുന്നു . കുട്ടികളുടെ സംയുക്ത ഡയറിയിൽ നിന്നും എടുത്ത ചില ഭാഗങ്ങൾ ചേർത്ത് തയ്യാറാക്കിയ "അക്ഷര തുമ്പികൾ " എന്ന ഈ ബുക്ക് ഞങ്ങൾ നിങ്ങൾക്ക് മുൻപിൽ സമർപ്പിക്കുന്നു .

# രക്ഷിതാവിന്റെ അഭിപ്രായം



ബവിഷ മനോജ്

(നൈനികയുടെ അമ്മ)

പ്രിയപെട്ടവരെ,
ചെറുക്കാട് കെ വി എ എൽ പി സ്കൂളിൽ ഈ വർഷം മുതൽ നടപ്പിലാക്കിയ പഠന പ്രവർത്തനങ്ങളിൽ ഒന്നായ സംയുക്ത ഡയറി എന്ന ആശയം കുട്ടികളിൽ വളരെ അധികം മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ആകർഷകമായ ചിത്രങ്ങളും, എഴുത്തുക്കളും കൊണ്ട് കുട്ടികളെ ഏറെ ആകർഷിക്കാൻ ഈ പുസ്തകത്തിന് കഴിഞ്ഞിട്ടുണ്ട്. ഈ ആശയം നടപ്പിലാക്കിയ അദ്ധ്യാപകർക്കും മറ്റു ഉദ്യോഗസ്ഥർക്കും എന്റെ എല്ലാ വിധ ആശംസകളും നേരുന്നു.

# രക്ഷിതാവിന്റെ അഭിപ്രായം



അഗിന സുനീഷ്

(റിദ്വിന്റെ അമ്മ)

2023 -24 അധ്യയന വർഷത്തിൽ
കുട്ടികളുടെ ഭാഷാനൈപുണി, ചിന്താശേഷി
വികസനം എന്നിവ വർദ്ധിപ്പിക്കാൻ വേണ്ടി
ആരംഭിച്ചസംയുക്ത ഡയറി കുട്ടികളിൽ
പ്രകടമായ മാറ്റങ്ങൾ സൃഷ്ടിച്ച്
അക്ഷരങ്ങൾ പഠിച്ചുതുടങ്ങുന്ന
കുഞ്ഞുകരങ്ങൾ അക്ഷരത്തെ
കൂട്ടുകാരനായി തന്റെ ഒരു ദിവസ അനുഭവം
മനോഹരമാക്കി കുറച്ച് വാക്യങ്ങൾ കൊണ്ട്
വർണാഭമാക്കിയ സംയുക്ത ഡയറിക്ക്
എല്ലാവിധ ആശംസകളും നേരുന്നു.


# രക്ഷിതാവിന്റെ അഭിപ്രായം



ലക്ഷ്മി പി നായർ

(വിഷ്ണുവിന്റെ അമ്മ)

ചെറുക്കാട് കെ വി എ എൽ പി സ്കൂളിലെ ഒന്ന്, രണ്ടു ക്ലാസ്സിലെ കുട്ടികളുടെ ഓരോ ദിവസത്തെ വിശേഷങ്ങൾ എഴുതിച്ചേർത്തു കൊണ്ട് തയാറാക്കുന്ന സംയുക്ത ഡയറി പ്രദർശനം നടത്തുന്നതിൽ വളരെ അധികം സന്തോഷം. ആദ്യ കാലത്ത് രക്ഷകർത്താക്കളും കുട്ടിയും ഒരുമിച്ച് ചേർന്നാണ് സംയുക്ത ഡയറി എഴുതിയിരുന്നത്. ഇത് കുട്ടികൾക്ക് ഏറ്റവും സഹായകരമായി അക്ഷരങ്ങൾ മനസ്സിലാക്കി എഴുതാനും വായിക്കാനും ഉപകാരപ്പെട്ടു. പിന്നീട് കുട്ടികൾ സംയുക്ത ഡയറി ഒറ്റയ്ക്ക് എഴുതാൻ തുടങ്ങി. അവരുടെ ഒരു ദിവസത്തെ എല്ലാ കാര്യങ്ങളും ഉൾപെടുത്തിയത് കൂടാതെ അന്നത്തെ ദിവസത്തെ ചിത്രവും വരച്ചു തുടങ്ങി. ഇതോടെ കുട്ടികളിൽ വലിയൊരു മാറ്റത്തിന് തുടക്കം കുറിച്ചു.
ഈ സംയുക്ത ഡയറി പ്രകാശനത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.







**Advik Krishna 1A**

**ചൊവ്വ**

**13/02/2024**

**ഞാൻ ഇന്ന് 8:00 മണിക്ക് എഴുന്നേറ്റു പല്ല് തേച്ചു, ചായ കുടിച്ചു, കളിച്ചു.**

**പേരാമ്പ്ര ചെണ്ട ക്ലാസ്സിന് പോയി തിരിച്ചുവന്നു. ബാർബർ ഷോപ്പിൽ പോയി മുടിവെട്ടി തിരിച്ചുവന്നു, കുളിച്ചു, ഭക്ഷണം കഴിച്ചു, cricket കളിച്ചു രാത്രി പഠനത്തിന് ശേഷം ഭക്ഷണം കഴിച്ചു കിടന്നുറങ്ങി.**







**Anvin C 1A**

**തിങ്കൾ**

**15/01/2024**

**ഞാൻ ഇന്ന് 7:00 മണിക്ക് എഴുന്നേറ്റ് പല്ല് തേച്ച് കുളിച്ചു. സ്കൂളിൽ പോയി പഠിച്ചു. തിരിച്ചു 4:00 മണിക്ക് സ്കൂൾ വിട്ട് കളിച്ചു, ചായ കുടിച്ചു. ഫുട്ബോൾ കളിച്ചു. ഇത്തിരി നേരം ടിവി കണ്ടു. പിന്നെ കോഴികൾ കൊത്തു കൂടി.**






**Aavani Surendran**
**1A**

**ചൊവ്വ**

**13/02/2024**

**ഞാൻ ഇന്ന് രാവിലെ 7:00 മണിക്ക് എഴുന്നേറ്റു. പല്ല് തേച്ചു. ചായ കുടിച്ചു. വീട് പണി നടക്കുന്ന സ്ഥലത്ത് പോയി. ഊണ് കഴിച്ചു. വൈകുന്നേരം ഉദയം കോളനിമുക്ക് സംഘടിപ്പിച്ച വായന പരിശീലനക്ലാസ്സിന് പങ്കെടുത്തു വീട്ടിൽ വന്നു.**



Alfin

31/01

ഇന്ന് ഞാൻ 5 മണിക്ക് എഴുന്നേറ്റു
പല്ല് തേച്ചു. ചായ കുടിച്ചു
ഞങ്ങൾ സ്കൂളിൽ പഠനയാത്രയിൽ
അതിരപ്പള്ളി വെള്ളച്ചാട്ടം
കാണാൻ പോയി. അവിടെ
കുറേ കുരങ്ങന്മാർ ഉണ്ടായിരുന്നു.
പിന്നെ ഞങ്ങൾ Silver storm
പാർക്കിലേക് പോയി. കുറെ
റൈഡിൽ കയറി കളിച്ചു. പിന്നെ
ഞങ്ങൾ Dress മാറ്റി. ഞങ്ങൾ
വെള്ളത്തിൽ കളിച്ചു. 7.00 മണിക്ക്
പോന്നു. 3 മണിക്ക് പോന്നു. 3 മണിക്ക് വീട്ടിൽ എത്തി




**Alfin Renjith 1A**

**ബുധൻ**

**31/01/2024**

**ഇന്ന് ഞാൻ 5:00 മണിക്ക് എഴുന്നേറ്റു പല്ല് തേച്ചു, ചായ കുടിച്ചു. ഞങ്ങളുടെ സ്കൂളിൽ പഠനയാത്രയിൽ അതിരപ്പിള്ളി വെള്ളച്ചാട്ടം കാണാൻ പോയി.**
**അവിടെ കുറെ കുരങ്ങന്മാർ ഉണ്ടായിരുന്നു.**
**പിന്നെ ഞങ്ങൾ Silver storm പാർക്കിലേക്ക് പോയി.**
**കുറെ റൈഡിൽ കയറി കളിച്ചു.**

**പിന്നെ ഞങ്ങൾ dress മാറ്റി, ഞങ്ങൾ വെള്ളത്തിൽ കളിച്ചു,7:00 മണിക്ക് പോന്നു.**
**3:00 മണിക്ക് വീട്ടിൽ എത്തി.**







**Devamithra S**
**1A**

വ്യാഴം
15/02/2024

**ഞാൻ രാവിലെ 7:00 മണിക്ക് എഴുന്നേറ്റു. പല്ല് തേച്ചു കുളിച്ച്, ചായ കുടിച്ചു. സ്കൂളിൽ പോയി. തിരിച്ചു വന്നു, കളിച്ചു, പഠിച്ചു. പിറന്നാളിന് പോയി തിരിച്ചു വന്നു കിടന്നുറങ്ങി.**






Dheerav Jeevas 1A

വ്യാഴം

22/02/2024

**ഞാൻ രാത്രി ഉറങ്ങി.5:30ന് എഴുന്നേറ്റു. പല്ല് തേച്ചു കുളിച്ചു. ചായ കുടിച്ചു. യൂണിഫോം ഇട്ടു. പുസ്തകങ്ങൾ വെച്ചു.9:00 മണിക്ക് സ്കൂൾ വണ്ടി വന്നു. കുളിച്ചു ഭക്ഷണം കഴിച്ചു.5:00 മണിക്ക് ചെണ്ട ക്ലാസ്സിന് പോയി 6:00 മണിക്ക് തിരിച്ചു വന്നു. കുളിച്ചു.**






Neha N  1A

ചൊവ്വ

16/01/2024

ഞാൻ രാവിലെ 6:00 മണിക്ക് എഴുന്നേറ്റു പല്ല് തേച്ചു.ചായ കുടിച്ചു, സ്കൂളിലേക്ക് പുറപ്പെട്ടു. ഇന്ന് ഞാൻ വണ്ടിയിൽ സ്കൂളിലേക്ക് പോയി. ഇന്ന് ടീച്ചർ ടെക്സ്റ്റ്ബുക് വായിപ്പിച്ചു. നോട്ടിൽ എഴുതിപ്പിച്ചു. ഇന്ന് പുതിയ ടെക്സ്റ്റിൽ എഴുതിപ്പിച്ചു. ഉച്ചക്ക് ഊണ് കഴിച്ചു. വൈകുന്നേരം ഞങ്ങൾ കളിച്ചു.4:00 മണിക്ക് ഞാൻ വീട്ടിലേക്ക് വന്നു. കുളിച്ചു ചായ കുടിച്ചു. കല്യാണത്തിന് പോയി. ഭക്ഷണം കഴിച്ചു. തിരിച്ചു വീട്ടിൽ വന്നു.പഠിച്ചു. കുറച്ച് സമയം കഴിഞ്ഞപ്പോൾ ഉറങ്ങാൻ പോയി.






Nikhin KM 1A

ബുധൻ

14/02/2024

ഇന്ന് ഞാൻ 7മണിക്ക് എഴുന്നേറ്റു. പല്ല് തേച്ചു, ചായ കുടിച്ചു, കുളിച്ചു. അമ്പലത്തിൽ പോയി പ്രാർത്ഥിച്ചു, വിളക്ക് കത്തിച്ചു.


22/01/23

RIDWIN SA




**Ridwin SA 1A**

**തിങ്കൾ**

**22/01/2024**

**ഞാൻ ഇന്ന് 8:00 മണിക്കാണ് എഴുന്നേറ്റത്. പ്രഭാതകൃത്യങ്ങൾ ഒക്കെ ചെയ്തു.ഇന്ന് ഞാൻ ക്ലാസ്സിൽ പോയില്ല.ഇന്ന് ഞങ്ങൾ മംഗലാപുരം പോയി.അവിടെയാണ് എന്നെ കാണിക്കുന്നത്. ഞാനും അച്ഛനും,അമ്മയും, അനിയനുമാണ് പോയത്.**

**ഞങ്ങൾ ട്രെയിനിൽ കേറാൻ ചെന്നു.അവിടെ ഒരു ചേച്ചി ട്രെയിനിൽ നിന്നു വീണു.കുറച്ച്പേര് വന്നു. ഞങ്ങൾ പേടിച്ചു പോയി. എന്റെ അച്ഛൻ അവരെ വണ്ടിയിൽആശുപത്രിയിൽ എത്തിച്ചു. ഞങ്ങൾ പിന്നെയും യാത്ര തുടങ്ങി. 7:00 മണിക്ക് റൂമിൽ എത്തി, ഭക്ഷണം കഴിച്ചു കിടന്നുറങ്ങി.**







Saniya Shiju 1A

**തിങ്കൾ**

**19/02/2024**

**ഇന്ന് ഞാൻ നേരത്തെ എഴുന്നേറ്റു. കാരണം എനിക്ക് വളരെ സന്തോഷമുള്ള ദിവസമായിരുന്നു. ഇന്ന് എന്റെ വീടിനടുത്തുള്ള ക്ഷേത്രത്തിൽ ഞാൻ ഡാൻസ് കളിച്ചു. ഞങ്ങൾ ക്ഷേത്രത്തിൽ നിന്ന് വളരെ വൈകിയാണ് വന്നത്. എന്റെ ഡാൻസ് കണ്ടിട്ട് പലരും നല്ല അഭിപ്രായമാണ് പറഞ്ഞത്. അതിൽ ഞാൻ വളരെ സന്തോഷവതിയാണ്.**






**Hrithudev LH 2A**

വ്യാഴം

15/02/2024

**ഇന്ന് ശബരി മാഷ് ഞങ്ങളെ പാർക്കിൽ കളിക്കാൻ വിട്ടു. ഞങ്ങൾ വൈകുന്നേരം കുറെ നേരം പാർക്കിൽ കളിച്ചു. എല്ലാവർക്കും സന്തോഷമായി.**







**Nainika KC 2A**

**ശനി**

**27/01/2024**

**ഇന്ന് ഞാൻ വളരെ സന്തോഷത്തിലാണ് ഉണർന്നത്. കാരണം വൈകുന്നേരം എനിക്ക് ഉത്സവത്തിന് പോകണം. അച്ഛന്റെ സഹോദരിയുടെ വീട്ടിലാണ് പോവുന്നത്. വൈകുന്നേരം സ്കൂൾ വിട്ട് വന്ന പാടെ ഞങ്ങൾ പോയി. അവിടെ നിന്ന് താലപൊലി കണ്ടു. മറ്റു പരിപാടികൾക്കൊന്നും ഞങ്ങൾ നിന്നില്ല. രാത്രി 9:00 മണി ആയപ്പോൾ ഞങ്ങൾ തിരിച്ചുവന്നു.**






**Rithwik S Satheesh**
**2A**

**വെള്ളി**

**12/01/2024**

**ഞാൻ രാവിലെ ഉണർന്ന് പ്രഭാതകൃത്യങ്ങൾ എല്ലാം കഴിഞ്ഞ് ചായ കുടിച്ചു. ഞാൻ എന്റെ റോസാചെടിയുടെ അടുത്ത് ചെന്ന് നോക്കി. അതിൽ റോസാപൂ വിരിഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. എനിക്ക് സന്തോഷമായി. ഞാൻ ഓടിചെന്ന് അമ്മയെയും ചേച്ചിയെയും വിളിച്ചു കാണിച്ചു കൊടുത്തു. ഞാൻ അതിന് വെള്ളം നനച്ചു. വെള്ളം വെയിലിൽ അതിന്റെ മേൽ പതിഞ്ഞപ്പോൾ അതുകൂടുതൽ സുന്ദരമായി തോന്നി. അതിന്റെ കളർ എനിക്ക് ഇഷ്ടമായി.**






**Amaya Ajilesh 2A**

വ്യാഴം

1/02/2024

**ഇന്ന് പതിവ് പോലെ ഞാൻ നേരത്തെ ഉണർന്നു. രണ്ടു ദിവസമായി ഞാനും ഏട്ടനും സ്കൂളിൽ പോകാത്തത്. സ്കൂളിൽ നിന്ന് ഞങ്ങൾ എല്ലാവരും പഠനയാത്രയ്ക്ക് പോയി. സിൽവർ സ്റ്റോർമ്മിലും, അതിരപ്പിള്ളി വെള്ളച്ചാട്ടവും കാണാൻ പോയി. വന്നപ്പോൾ ജലദോഷം പിടിച്ചത് കൊണ്ട് ഞങ്ങൾ സ്കൂളിൽ പോയില്ല. അമ്മയും വിജിത ചേച്ചിയും വന്നിരുന്നു. സ്കൂൾ വിട്ട് ഞാൻ പാട്ട് പഠിക്കാൻ പോയി. ഏട്ടൻ ചെണ്ട ക്ലാസ്സിലും പോയി. വീട്ടിൽ എത്തുമ്പോൾ 6:00 മണി കഴിഞ്ഞു. കുളിച്ചു, ചായ കുടിച്ചു, പഠിക്കാൻ തുടങ്ങി.**






Aradhya PK 2A

വെള്ളി

16/02/2024

ഇന്ന് ഞാൻ രാവിലെ എഴുന്നേറ്റു
പ്രഭാതകർമങ്ങൾ ചെയ്തു.
അതിനു ശേഷം ഞാൻ സ്കൂളിൽ വന്നു പഠിച്ചു.
സ്കൂൾ വിട്ടു.
വീട്ടിൽ എത്തി.
പിന്നെ ഞാൻ ഉത്സവത്തിന് പോയി, വീട്ടിൽ
എത്തി.







Vishnu SL  2A

വെള്ളി

22/12/2023

ഇന്ന് ഞാൻ രാവിലെ എഴുന്നേറ്റു, കുറച്ചു നേരം പഠിച്ചു. ഇന്ന് ക്രിസ്മസിന് സ്കൂൾ,10 ദിവസത്തേക്ക് പൂട്ടി. ഇന്ന് വെള്ളയും, ചുവപ്പും നിറത്തിലുള്ള വസ്ത്രങ്ങളാണ് എല്ലാരും ധരിച്ചത്. സ്കൂളിൽ ഇന്ന് ക്രിസ്മസ് ആഘോഷം നടന്നു. ക്രിസ്മസ് കേക്ക് മുറിച്ചു. എന്റെ അമ്മയും സ്കൂളിൽ വന്നിരുന്നു. നാലാം ക്ലാസ്സിലെ പ്രണവ് ചേട്ടൻ ക്രിസ്മസ് അപ്പൂപ്പനായി വേഷം കെട്ടി.എല്ലാവരും പായസവും കേക്കും കഴിച്ചു.

ടീച്ചർമാരും, അമ്മമാരും, ഞങ്ങളും ഒരുമിച്ച് ഡാൻസ് കളിച്ചു.നേരത്തെ തന്നെ ഇന്ന് സ്കൂൾ വിട്ടു. വീട്ടിൽ വന്നിട്ട് ടിവി കണ്ടു, പുസ്തകം വായിച്ചു.





Arnav SJ  2A

**തിങ്കൾ**

**12/02/2024**

**ഞാൻ രാവിലെ 7 മണിക്ക് എഴുന്നേറ്റു.പല്ല് തേച്ചു കുളിച്ചതിന് ശേഷം ചായ കുടിച്ചു. ഇന്നലെ അനൽ കാർത്തിക് എന്റെ വീട്ടിൽ വന്നു ഞങ്ങൾ ഫുട്ബോൾ കളിച്ചു**